സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com | വാല്യം: 59 | ലക്കം: 136 | 2024 സെപ്തംബർ 10 ചൊവ്വ | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

### മണിപ്പൂർ സംഘർഷഭരിതം; സ്ത്രീ കൊല്ലപ്പെട്ടു; ഇംഫാലിൽ സൈനികവിന്യാസം

മണിപ്പൂരിൽ വീണ്ടും സംഘർഷം. കാങ്പോക്പിയിൽ കുക്കിമെയ്തെയ് സംഘർഷത്തിൽ ഒരു മരണം കൂടി റിപ്പോർട്ട് ചെയ്തു. നെംജാകോൾ ലുങ്ഡിം(46) എന്ന സ്ത്രീയാണ് കൊല്ലപ്പെട്ടത്. ചുരാചന്ദ്പുരിലെ ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തിയ ശേഷം സ്ത്രീയുടെ മൃതദേഹം കുടുംബാംഗങ്ങൾക്ക് കൈമാറി. ബോംബാക്രമണവും വെടിവയ്പും ഇരു വിഭാഗങ്ങളും തമ്മിലുണ്ടായി. അക്രമാസക്തരായ ജനക്കൂട്ടം ഒട്ടേറെ വീടുകൾക്ക് തീവച്ചു. ഇതോടെ പ്രദേശവാസികൾ അടുത്തുള്ള കാടുകളിലേക്ക് ജീവരക്ഷാർഥം ഓടിയൊളിക്കുകയായിരുന്നു.

## ഹേമ കമ്മിറ്റി റിപ്പോർട്ടിൽ ഹൈക്കോടതി

# പൂർണരൂപം എസ് ഐ ടി ക്ക് കൈമാറണം; മാധ്യമങ്ങൾക്ക് തടയിടില്ല

കൊച്ചി: ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ പൂർണ രൂപം അന്വേഷണ സംഘത്തിന് (SIT) കൈമാറാൻ ഹൈക്കോടതി ഉത്തരവ്. റിപ്പോർട്ടിന്റെ രഹസ്യാത്മകത സൂക്ഷിക്കണമെന്നും കോടതി അന്വേഷണ സംഘത്തിന് നിർദേശം നൽകി. അന്വേഷണ സംഘം റിപ്പോർട്ട് വിശദമായി പഠിച്ച് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് കേസെടുക്കാൻ കഴിയുമോയെന്ന കാര്യം കോടതിയെ അറിയിക്കണമെന്നും കോടതി നിർദേശിച്ചിട്ടുണ്ട്.

ജസ്റ്റിസുമാരായ എ.കെ. ജയശങ്കർ നമ്പ്യാരും സി.എസ്. സുധയും ചേർന്ന രണ്ടംഗ ഡിവിഷൻ ബെഞ്ചാണ് ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട എല്ലാ കേസുകളും പരിശോധിക്കുന്നത്.



മാധ്യമങ്ങൾക്ക് തടയിടണമെന്ന സർക്കാരിന്റെ ആവശ്യവും കോടതി അംഗീകരിച്ചില്ല. മാധ്യമങ്ങൾക്ക് തടയിടില്ലെന്നും എന്നാൽ അന്വേഷണ സംഘത്തിന് മേൽ മാധ്യമങ്ങൾ സമ്മർദ്ദം ചെലുത്തരുതെന്നും കോടതി വ്യക്തമാക്കി. സ്ത്രീകൾ മൈനോറിറ്റിയല്ല മെജോറിറ്റിയാണെന്നും കോടതി പറഞ്ഞു.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഉണ്ടായാൽ ക്രിമിനൽ നടപടി പ്രകാരം കേസെടുക്കാം. എന്നാൽ റിപ്പോർട്ടിന്മേൽ യാതൊരു നടപടിയും സ്വീകരിക്കാതെ അന്വേഷണ സംഘത്തെ രൂപീകരിക്കുകയായിരുന്നു. തുടർന്ന് അന്വേഷണ സംഘത്തിന് മുന്നിൽ വന്ന കേസുകൾ മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പകരം ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേൽ എന്ത് ചെയ്യാൻ കഴിയുമെന്ന കാര്യം വിശദമായി പഠിച്ച് അറിയിക്കാനാണ് അന്വേഷണ സംഘത്തിന് കോടതി നിർദേശം നൽകിയിരിക്കുന്നത്.

ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെ പൂർണരൂപം സർക്കാർ ഹൈക്കോടതിക്ക് കൈമാറിയതിന് പിന്നാലെ സർക്കാരിനെതിരെ രൂക്ഷ വിമർശനമാണ് കോടതി ഉന്നയിച്ചത്. ആദ്യം നടപടിയെടുക്കേണ്ടിയിരുന്നത് സർക്കാരാണെന്നും കുറ്റകൃത്യം സംബന്ധിച്ചുള്ള കാര്യങ്ങൾ കേട്ട് എങ്ങനെ അനങ്ങാതിരിക്കാൻ സാധിക്കുന്നുവെന്ന് കോടതി ചോദിച്ചു. സർക്കാർ രാജ്യത്തെ നിയമം അനുസരിച്ച് പ്രവർത്തിക്കണമെന്നും കോടതി വ്യക്തമാക്കി. അന്വേഷണ സംഘം വാർത്താസമ്മേളനങ്ങൾ വിളിക്കരുതെന്നും റിപ്പോർട്ടിന്റെ രഹസ്യാത്മകത സൂക്ഷിക്കണമെന്നും കോടതി പറഞ്ഞു. മാധ്യമ വിചാരണ പാടില്ലെന്നും കോടതി വ്യക്തമാക്കി.

## വിഷ്ണുജിത്ത് കൂനൂരിൽ? ഫോണെടുത്തിട്ടും മിണ്ടിയില്ല

കൂനൂർ: മലപ്പുറത്തുനിന്ന് എത്തിയ പോലീസ് സംഘം തമിഴ്നാട് പോലീസിന്റെ സഹായത്തോടെ വിഷ്ണുജിത്തിന്റെ തിരോധാനത്തെ കുറിച്ച് അന്വേഷണം തുടരുകയാണ്. വിവാഹദിവസത്തിന് തലേന്നാണ് വിഷ്ണുജിത്തിനെ കാണാതെയായത്. വിവാഹ ദിവസവും കാണാതായതോടെ ബന്ധുക്കൾ ജില്ലാ പോലീസ് മേധാവിക്കടക്കം പരാതി നൽകുകയായിരുന്നു. പാലക്കാടുള്ള സുഹൃത്തിന്റെ കയ്യിൽ നിന്നും ഒരു ലക്ഷം രൂപ വാങ്ങി തിരികെ പോന്നതായാണ് ബന്ധുക്കൾക്ക് ലഭിച്ച അവസാന വിവരം. കഴിഞ്ഞ ബുധനാഴ്ച വൈകിട്ട് കോയമ്പത്തൂരിലേക്കുള്ള ബസിൽ വിഷ്ണു കയറിയതിന്റെ സിസിടിവി ദൃശ്യങ്ങളും പുറത്തുവന്നിരുന്നു. യുവാവ് ബസിൽ യാത്ര ചെയ്തത് ശ്രദ്ധിച്ചില്ലെന്നാണ് കണ്ടക്ടറുടെയും ഡ്രൈവറുടെയും മൊഴി.

## മോദിയുടെ ആശയത്തോട് വിയോജിക്കുന്നു, അദ്ദേഹം എന്റെ ശത്രുവല്ല– രാഹുൽ ഗാന്ധി

വാഷിങ്ടൺ: ചില സംസ്ഥാനങ്ങളും ഭാഷകളും മതങ്ങളും സമുദായങ്ങളും മറ്റുചിലതിനേക്കാൾ താഴെയാണെന്ന് ആർ.എസ്.എസ്. കരുതുന്നുവെന്ന് രാഹുൽ ഗാന്ധി. അത് ആർ.എസ്.എസിന്റെ ആശയമാണ്. അതിനെതിരെയാണ് തങ്ങളുടെ പോരാട്ടമെന്നും രാഹുൽ പറഞ്ഞു. വാഷിങ്ടണിൽ ഇന്ത്യൻ സമൂഹവുമായി സംവദിക്കുകയായിരുന്നു അദ്ദേഹം.



മോദി തന്റെ ശത്രുവല്ലെന്നും അദ്ദേഹം പറഞ്ഞു. ‘മോദിയോട് എനിക്ക് വിദ്വേഷമൊന്നുമില്ല. എന്റേതിൽനിന്ന് വ്യത്യസ്തമായ കാഴ്ചപ്പാടാണ് അദ്ദേഹത്തിന്റേത്. അതിനോട് ഞാൻ വിയോജിക്കുന്നു, എന്നാൽ അദ്ദേഹത്തെ വെറുക്കുന്നില്ല. അദ്ദേഹം എന്റെ ശത്രുവല്ല. അദ്ദേഹത്തിനൊരു കാഴ്ചപ്പാട്, എനിക്ക് മറ്റൊരു ആശയം. അദ്ദേഹം ചെയ്യുന്നതിനോട് എനിക്ക് സഹാനുഭൂതിയും അനുകമ്പയുമാണുള്ളത്’, രാഹുൽ പറഞ്ഞു.

ഇക്കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പ് സ്വതന്ത്രമായിരുന്നില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി. ‘കടുത്ത നിയന്ത്രണങ്ങളോടെയുള്ള തിരഞ്ഞെടുപ്പായാണ് ഞാൻ കാണുന്നത്. നീതിയുക്തമായ തിരഞ്ഞെടുപ്പിൽ ബി.ജെ.പി. 240 സീറ്റിനടുത്ത് എത്തുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല’, അദ്ദേഹം കൂട്ടിച്ചേർത്തു.

മോദി മാനസികസംഘർഷം അനുഭവിക്കുന്നുണ്ട്. ഗുജറാത്തിൽ നീണ്ടകാലം അധികാരത്തിലിരുന്ന അദ്ദേഹം വീഴ്ച അറിഞ്ഞിട്ടില്ല. പ്രധാനമന്ത്രി സ്ഥാനത്തും അദ്ദേഹത്തിന് പരാജയം അറിയേണ്ടി വന്നിട്ടില്ല. എന്നാൽ, പെട്ടെന്നാണ് ആ ആശയം തകരാൻ തുടങ്ങിയത്. ദൈവത്തോട് നേരിട്ട് താൻ സംവദിക്കുന്നുവെന്ന് അദ്ദേഹം അവകാശപ്പെട്ട ആനിമിഷം മുതൽ അദ്ദേഹം തകർന്നുവെന്ന് തങ്ങൾക്ക് മനസിലായെന്നും രാഹുൽ കൂട്ടിച്ചേർത്തു.

## വീണ്ടും ട്രെയിൻ അട്ടിമറിശ്രമം; അപകടം ഒഴിവായത് തലനാരിഴയ്ക്ക്

ജയ്പുർ: രാജസ്ഥാനിലെ അജ്മീറിൽ സിമന്റ് കട്ടകൾ പാളത്തിൽവെച്ച് ട്രെയിൻ അപകടമുണ്ടാക്കാൻ ശ്രമം. 70 കിലോ വീതം ഭാരമുള്ള രണ്ട് കട്ടകളാണ് പാളത്തിൽവെച്ചത്. ട്രെയിൻ ഇവയിൽ തട്ടിയെങ്കിലും ഭാഗ്യംകൊണ്ടുമാത്രമാണ് അപകടം ഒഴിവായത്.

റെയിൽവേ ജീവനക്കാർ നൽകിയ വിവരത്തെ തുടർന്ന് നടത്തിയ പരിശോധനയിൽ ആദ്യം ഒരു സിമന്റ് കട്ടയും ട്രാക്കിൽതന്നെ അൽപം മാറി രണ്ടാമത്തേതും കണ്ടെത്തിയെന്ന് പോലീസ് അറിയിച്ചു. ജീവനക്കാരുടെ പരാതിയിൽ കേസെടുത്ത പോലീസ്



അന്വേഷണം ആരംഭിച്ചു.

സമാനമായ അട്ടിമറി ശ്രമം കഴിഞ്ഞദിവസം യു.പിയിലെ കാൺപുരിലും നടന്നിരുന്നു. പ്രയാഗ് രാജിൽനിന്ന് ഹരിയാണയിലെ ഭിവാനിയിലേക്ക് പോവുകയായിരുന്ന കാളിന്ദി എക്സ്പ്രസ് പാളത്തിൽ വെച്ച ഗ്യാസ് സിലിണ്ടറിൽ ഇടിച്ചെങ്കിലും അപകടം ഒഴിവായി.

## ഷംസീറിനെതിരെ സിപിഐ, ഗാന്ധിവധം ഓർമിപ്പിച്ച് ബിനോയ് വിശ്വം

കോഴിക്കോട്: ആർ.എസ്.എസ്. ഇന്ത്യയിലെ പ്രധാന സംഘടനയാണെന്ന സ്പീക്കർ എ.എൻ. ഷംസീറിന്റെ പ്രസ്താവനയ്ക്കെതിരെ സി.പി.ഐ. മഹാത്മാഗാന്ധി വധത്തിന്റെ പേരിൽ നിരോധിക്കപ്പെട്ട സംഘടനയാണ് അർ.എസ്.എസ്. എന്ന് സി.പി.ഐ. സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം ഓർമിപ്പിച്ചു.



ഗാന്ധി വധത്തിൽ നിരോധിക്കപ്പെട്ട സംഘടന പ്രധാനപ്പെട്ടതെന്ന് പറയുമ്പോൾ, ആ പ്രാധാന്യം എന്താണെന്ന ചോദ്യമുണ്ടാവുന്നു. ഷംസീറിനെപ്പോലെയൊരാൾ ആ പ്രസ്താവന ഒഴിവാക്കേണ്ടതായിരുന്നു. പ്രസ്താവന ഒരുപാട് ദുർവ്യാഖ്യാനങ്ങൾക്ക് ഇടയാക്കിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ആർ.എസ്.എസ്. നേതാക്കളുമായുള്ള എ.ഡി.ജി.പി. എം.ആർ. അജിത് കുമാറിന്റെ കൂടിക്കാഴ്ചയിലും അദ്ദേഹം വിമർശനം ആവർത്തിച്ചു. കേരളത്തിന്റെ എ.ഡി.ജി.പി. ആർ.എസ്.എസ്. മേധാവികളുമായി ഊഴംവെച്ച് പോയി കണ്ട് സംസാരിക്കാൻ എന്താണ് കാര്യമുള്ളതെന്നായിരുന്നു ബിനോയ് വിശ്വത്തിന്റെ ചോദ്യം.

ഷംസീറിനെ ആർ.എസ്.എസ് നിരോധനം ഓർമപ്പെടുത്തി മന്ത്രി എം.ബി. രാജേഷും രംഗത്തെത്തിയിരുന്നു. ആർ.എസ്.എസ്. നേതാക്കളെ കണ്ടത് ഷംസീർ ന്യായീകരിച്ചതിനെക്കുറിച്ചുള്ള ചോദ്യത്തിന് സർദാർ വല്ലഭായ് പട്ടേൽ നിരോധിച്ച സംഘടനയാണ് ആർ.എസ്.എസ്. എന്നായിരുന്നു രാജേഷിന്റെ മറുപടി. ആർ.എസ്.എസ്. വർഗീയ സംഘടനയാണെന്ന് കെ.എൻ. ബാലഗോപാലും പ്രതികരിച്ചിരുന്നു.

## നിഷ്ക്രിയത്വം അത്ഭുതപ്പെടുത്തുന്നു; ഹേമ കമ്മിറ്റി റിപ്പോർട്ടിൽ സർക്കാരിന് ഹൈക്കോടതിയുടെ രൂക്ഷവിമർശനം

കൊച്ചി: ഹേമ കമ്മിറ്റി റിപ്പോർട്ടിൽ സംസ്ഥാന സർക്കാരിനെതിരെ വിമർശനവുമായി ഹൈക്കോടതി. സർക്കാർ എന്ത് നടപടിയെടുത്തുവെന്ന് കോടതി ചോദിച്ചു. നടപടി വൈകുന്നത് ഞെട്ടിച്ചുവെന്നും കോടതി പറഞ്ഞു.

സർക്കാർ എന്തുചെയ്തുവെന്ന് ചോദിച്ചപ്പോൾ, പ്രത്യേക അന്വേഷണസംഘത്തെ നിയോഗിച്ചിട്ടുണ്ടെന്ന് അഡ്വക്കേറ്റ് ജനറൽ മറുപടി നൽകി. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടിയെടുത്തോയെന്ന് കോടതി ചോദിച്ചു. റിപ്പോർട്ട് സമർപ്പിച്ചതിന് പിന്നാലെ പൊതുവേദികൾ ഉന്നയിച്ച ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് എ.ജി. അറിയിച്ചതിനെത്തുടർന്നായിരുന്നു കോടതിയുടെ ചോദ്യം.

എന്തുകൊണ്ടാണ് ഈ നിഷ്ക്രിയത്വമെന്നായിരുന്നു പിന്നാലെ ഹൈക്കോടതിയുടെ ചോദ്യം. വളരെ നേരത്തേ റിപ്പോർട്ട് സമർപ്പിച്ചിട്ടും എന്തുകൊണ്ടാണ് സർക്കാർ മൗനം പാലിച്ചതെന്ന ചോദിച്ച കോടതി, ഈ നിഷ്ക്രിയത്വം നീതീകരിക്കാനാവുന്നതാണോയെന്നും ആരാഞ്ഞു. എന്നാൽ, റിപ്പോർട്ട് പ്രസിദ്ധീകരിക്കരുതെന്ന നിർദേശമുണ്ടായതിനാലാണ് നടപടിയെടുക്കാത്തതെന്ന് എ.ജി. അറിയിച്ചു.



എന്നാൽ, സർക്കാരിന്റെ നിഷ്ക്രിയത്വം അത്ഭുതപ്പെടുത്തിയെന്ന് കോടതി പറഞ്ഞു. 2021 ഫെബ്രുവരിയിൽ ഡി.ജി.പിക്ക് റിപ്പോർട്ടിന്റെ പകർപ്പ് ലഭിച്ചപ്പോൾ തന്നെ നടപടി സ്വീകരിക്കേണ്ടിയിരുന്നുവെന്നും കോടതി വ്യക്തമാക്കി.

പ്രത്യേക ഡിവിഷൻ ബഞ്ചിന് മുമ്പാകെ മുദ്രവെച്ച കവറിലാണ് സർക്കാർ ഹേമ കമ്മിറ്റി റിപ്പോർട്ട് കൈമാറിയത്. ജസ്റ്റിസുമാരായ എ.കെ ജയശങ്കർ നമ്പ്യാരും സി.എസ് സുധയും ഉൾപ്പെട്ട രണ്ടംഗ ഡിവിഷൻ ബെഞ്ചാണ് റിപ്പോർട്ടുമായി ബന്ധപ്പെട്ട എല്ലാ കേസുകളും പരിശോധിക്കുന്നത്. നാലര വർഷത്തോളം സർക്കാരിന്റെ കൈവശമായിരുന്നു ഹേമ കമ്മിറ്റിയുടെ റിപ്പോർട്ട്. അതിനുശേഷം വലിയ പോരാട്ടങ്ങൾക്കൊടുവിലാണ് വ്യക്തികളുടെ സ്വകാര്യതയെ ബാധിക്കുന്ന ഭാഗങ്ങൾ ഒഴിവാക്കിക്കൊണ്ട് റിപ്പോർട്ട് സർക്കാർ പുറത്ത് വിട്ടത്.

എന്നാൽ അനുബന്ധ രേഖകളടക്കം പൂർണമായ റിപ്പോർട്ടിന്റെ പകർപ്പാണ് സർക്കാർ മുദ്രവെച്ച കവറിൽ ഹൈക്കോടതി പ്രത്യേക ഡിവിഷൻ ബെഞ്ചിന് മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്. റിപ്പോർട്ട് എന്നതിനപ്പുറത്തേക്ക് ഇരകളുടെ മൊഴികളിന്മേൽ സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. ഇതിനെതിരെ വ്യാപക വിമർശനം ഉയർന്നിരുന്നു. പിന്നാലെയാണ് ഹൈക്കോടതി ഇടപെടൽ ഉണ്ടാകുന്നത്. സെപ്റ്റംബർ 10ന് മുമ്പ് റിപ്പോർട്ട് കൈമാറണമെന്ന് ഹൈക്കോടതി നേരത്തെ നിർദ്ദേശിച്ചിരുന്നു.

റിപ്പോർട്ടിന്റെ പൂർണ രൂപത്തിന് പുറമെ മൊഴിപ്പകർപ്പുകളടക്കം മുഴുവൻ വിവരങ്ങളും നൽകണമെന്നായിരുന്നു കോടതി നിർദ്ദേശം. റിപ്പോർട്ടിനെ തുടർന്ന് സർക്കാർ സ്വീകരിച്ച നടപടികൾ, പ്രത്യേക അന്വേഷണ സംഘത്തെപ്പറ്റിയുള്ള വിവരങ്ങളടക്കം നൽകണം എന്നായിരുന്നു ഹൈക്കോടതി നിർദേശം.

## പാഞ്ഞെത്തിയ ഓട്ടോയ്ക്കടിയിൽ അമ്മ കുടുങ്ങി; രക്ഷിച്ച് മകൾ;

മംഗലാപുരം: ഓട്ടോറിക്ഷ മറിഞ്ഞുണ്ടായ അപകടത്തിൽ നിന്ന് അമ്മയെ രക്ഷപെടുത്തി മകൾ. മംഗലാപുരം കിന്നിഗോലിയിലെ രാംനഗറിലാണ് നിയന്ത്രണം വിട്ട് എത്തിയ ഓട്ടോ സ്ത്രീയെ ഇടിച്ചുതെറിപ്പിച്ച് അവരുടെ മുകളിലേക്ക് മറിഞ്ഞത്. ഇത് കണ്ട് ഓടിയെത്തിയ സ്കൂൾ വിദ്യാർഥിയായ മകൾ ഓട്ടോറിക്ഷ പൊക്കി മാറ്റി അമ്മയെ പുറത്തെടുത്തു.

ചേതന(35) എന്ന സ്ത്രീയാണ് അപകടത്തിൽപ്പെട്ടത്. ഇവരുടെ പരുക്ക് ഗുരുതരമാണ്. അമ്മയെ രക്ഷിക്കാൻ സമയോചിതമായി മകൾ നടത്തിയ ഇടപെടലിനെ പ്രശംസിച്ചാണ് സമൂഹമാധ്യമങ്ങളിൽ വിഡിയോയ്ക്ക് താഴെ കമന്റുകൾ നിറയുന്നത്. അപകടത്തിൽ ഓട്ടോറിക്ഷാ ഡ്രൈവർക്കും ഓട്ടോറിക്ഷയിലുണ്ടായിരുന്ന യാത്രക്കാർക്കും പരുക്കേറ്റിട്ടുണ്ട്.

ഏഴാം ക്ലാസ് വിദ്യാർഥിയായ വൈഭവിയെ ട്യൂഷൻ കഴിഞ്ഞ് കൂട്ടാനായി പോവുകയായിരുന്നു അമ്മ ചേതന. അമ്മ അപകടത്തിൽപ്പെട്ട സമയം പെട്ടെന്ന് പ്രതികരിക്കാൻ പെൺകുട്ടി കാണിച്ച ധൈര്യം അഭിനന്ദിക്കേണ്ടതാണെന്നും അവൾ ഹീറോ ആണെന്നുമെല്ലാമാണ് സമൂഹമാധ്യമങ്ങളിൽ കമന്റുകൾ ഉയരുന്നത്

## സഖാവിന് ചേർന്ന പണിയല്ല പികെ ശശി ചെയ്യുന്നതെന്ന് എംവി ഗോവിന്ദൻ

പാലക്കാട്: പികെ ശശിക്കെതിരെ രൂക്ഷ വിമർശനവുമായി സിപിഎം സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദൻ. സഖാവിന് ചേർന്ന പണിയല്ല ശശി ചെയ്തതെന്ന് ഗോവിന്ദൻ പറഞ്ഞു. ശശിയെ പാർട്ടിയിൽ നിന്ന് പുറത്താക്കാത്തത് മുതിർന്ന നേതാവായതുകൊണ്ടാണെന്നും അദ്ദേഹം വ്യക്തമാക്കി. സിപിഎം പാലക്കാട് മേഖലാ റിപ്പോർട്ടിംഗിലാണ് വിമർശനം.

സാമ്പത്തിക ക്രമക്കേട് മാത്രമല്ല ശശിക്കെതിരായ പരാതി. പാർട്ടിയെ പണമുണ്ടാക്കാനുള്ള ഉപാധിയായി മാത്രം ഉപയോഗിച്ചു. പാർട്ടിയുണ്ടെങ്കിലേ നേതാക്കളുള്ളു. സിപിഎം ജില്ലാ സെക്രട്ടറിയെ സ്ത്രീപീഡനക്കേസിൽ കുടുക്കാൻ ശ്രമിച്ചു. ഇതിനായി മാദ്ധ്യമപ്രവർത്തകനുമായി കൂടിക്കാഴ്ച നടത്തി വ്യാജരേഖകൾ നിർമിക്കുകയും ചെയ്തു. നീചമായ പ്രവൃത്തിയാണ് ശശിയുടെ ഭാഗത്ത് നിന്നും ഉണ്ടായത്. ഇതും സംബന്ധിച്ച തെളിവുകൾ പാർട്ടിക്ക് ലഭിച്ചതായും റിപ്പോർട്ടിൽ പരാമർശമുണ്ട്.

നിരവധി ആരോപണങ്ങൾ ശശിക്കെതിരെ ഉയരുന്നുണ്ട്. മണ്ണാർക്കാട് ഏരിയ കമ്മിറ്റി ഓഫീസ് നിർമാണ ഫണ്ടിൽ തിരിമറി നടത്തിയെന്നതായിരുന്നു പ്രധാനം. ഇതുസംബന്ധിച്ച് സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം പുത്തലത്ത് ദിനേശന്റെ നേതൃത്വത്തിലുള്ള സമിതി അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയിരുന്നു. സിപിഎം ഭരിക്കുന്ന സഹകരണ ബാങ്കുകളിൽ നിന്ന് പാർട്ടിയുടെ അറിവില്ലാതെ മണ്ണാർക്കാട് സഹകരണ കോളേജിന് വേണ്ടി ഓഹരികൾ സമാഹരിച്ചു.

## ഹേമ കമ്മിറ്റി റിപ്പോർട്ട്, നടപടി വൈകിച്ചത് ജസ്റ്റിസ് ഹേമ തന്നെ; എ. കെ ബാലൻ

തിരു: ഹേമ കമ്മിറ്റി റിപ്പോർട്ടിൽ നടപടികൾ വൈകിയത് ജസ്റ്റിസ് ഹേമയുടെ കത്തിനെ തുടർന്നാണെന്ന് മുൻമന്ത്രി എ.കെ.ബാലൻ. മൊഴികൾ രഹസ്യമാക്കി വയ്ക്കണമെന്ന ഹേമയുടെ കത്തിനെ മറയാക്കിയാണ് ബാലൻ ഉത്തരവാദിത്വത്തിൽ നിന്ന് കൈകഴുകിയത്. 2021 ൽ ഡിജിപി റിപ്പോർട്ട് സമർപ്പിച്ചിട്ടും സർക്കാർ എന്ത് ചെയ്തുവെന്ന ഹൈക്കോടതിയുടെ വിമർശനത്തിന് പിന്നാലെയാണ് ബാലന്റെ പ്രതികരണം.



അതേസമയം, ഹേമ കമ്മിറ്റി റിപ്പോർട്ടിൽ ഹൈക്കോടതി ഉന്നയിച്ച ചോദ്യങ്ങളിൽ സർക്കാരിന് മറുപടിയുണ്ടോയെന്ന് കെ.പി.സി.സി അധ്യക്ഷൻ കെ. സുധാകരൻ എംപി. ചോദിച്ചു. സർക്കാർ പ്രതികളെ സംരക്ഷിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ കമ്മിറ്റി റിപ്പോർട്ടിൽ പ്രതിപക്ഷം ഉന്നയിച്ച കാര്യങ്ങൾ തന്നെയാണ് കോടതിയും ചൂണ്ടിക്കാട്ടിയതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പറഞ്ഞു. റിപ്പോർട്ടിനെ പറ്റി അന്വേഷണ സംഘം അന്വേഷിച്ചാൽ സത്യം പുറത്തുവരുമെന്നും ലൈംഗിക കുറ്റകൃത്യങ്ങൾ ഒളിച്ചുവയ്ക്കുന്നത് തന്നെ കുറ്റമാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട കേസുകൾ പരിഗണിക്കാൻ രൂപീകരിച്ച പ്രത്യേക ബെഞ്ചിന്റെ ആദ്യ സിറ്റിങിലാണ് സർക്കാരിന് രൂക്ഷ വിമർശനം ഏറ്റുവാങ്ങേണ്ടി വന്നത്. റിപ്പോർട്ടിന്മേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്നായിരുന്നു കോടതിയുടെ ആദ്യ ചോദ്യം. സിനിമ മേഖലയിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കാനാണ് സമിതിയെ നിയോഗിച്ചത് എന്നായിരുന്നു സർക്കാർ നിലപാട്. റിപ്പോർട്ട് 2021ൽ സംസ്ഥാന പോലീസ് മേധാവിക്ക് കൈമാറിയിരുന്നു. പക്ഷേ ഡിജിപി നടപടി സ്വീകരിച്ചില്ല. റിപ്പോർട്ടിൽ കേസെടുക്കേണ്ട സാഹചര്യമില്ലെന്നും സർക്കാർ വാദിച്ചു. റിപ്പോർട്ടിൽ ബലാൽസംഗം, പോക്സോ അടക്കമുള്ള കുറ്റങ്ങളെക്കുറിച്ച് പറയുന്നുണ്ടെന്നും അതിനാൽ കേസെടുക്കേണ്ട സാഹചര്യമില്ലെന്ന് എങ്ങനെ പറയാനാകുമെന്നായിരുന്നു കോടതിയുടെ ചോദ്യം. റിപ്പോർട്ട് ലഭിച്ച് വർഷങ്ങളായിട്ടും ചെറുവിരൽ അനക്കാതിരുന്ന സർക്കാരിന്റെ നിഷ്ക്രിയത്വം ആശ്ചര്യപ്പെടുത്തുന്നതാണ്. വിഷയങ്ങളിൽ ഉടനടി നടപടി സ്വീകരിക്കുക എന്നതാണ് നല്ല ഭരണത്തിന്റെ ലക്ഷണമെന്നും ഹൈക്കോടതി തുറന്നടിച്ചു

## കാർ തോട്ടിലേക്ക് മറിഞ്ഞ് അപകടം

ചിറ്റണ്ട: പൂങ്ങോട് വളവിന് സമീപം നിയന്ത്രണം വിട്ട കാർ തോട്ടിലേക്ക് മറിഞ്ഞ് അപകടം. യാത്രക്കാർ അത്ഭുതകരമായി രക്ഷപ്പെട്ടു. വയനാട് നിന്നും ആലപ്പുഴയിലേക്ക് പോവുകയായിരുന്ന കുടുംബം സഞ്ചരിച്ച കാറാണ് അപകടത്തിൽപ്പെട്ടത്.

### കോടതി പരസ്യം

**ബഹു. ഇരിഞ്ഞാലക്കുട ഫാമിലികോടതി മുമ്പാകെ**

OP: 339/2024

ചാലക്കുടി താലൂക്ക്, കല്ലൂർ തെക്കുംമുറി വില്ലേജ്, അന്നമനട ദേശത്ത്, ഊളക്കൽ സെയ്തു മകൻ മുഹമ്മദ്

-ഹരജിക്കാരി

എറിയാട് ദേശത്ത്, വലിയ വീട്ടിൽ സെയ്തുമുഹമ്മദ് മകൾ ജിഷ (ഇപ്പോഴത്തെ അഡ്രസ്, വി എസ് ജിഷ, ഇ/ീ. സി എസ് ഷാജഹാൻ, വലിയവീട്ടിൽ, എറിയാട് വില്ലേജ്, എറിയാട് ദേശം, കൊടുങ്ങല്ലൂർ താലൂക്ക്)

-എതൃകക്ഷി

മേൽ നമ്പറിലെ എതിർകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ മേൽ നമ്പർ കേസ് **26-09-2024** തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. മേൽ നമ്പർ ഹരജിയിൽ എതൃകക്ഷിക്ക് എന്തെങ്കിലും തർക്കമുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് നേരിട്ടോ പ്ലീഡർ മുഖാന്തിരമോ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ കേസ് തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 17-09-2024
ഉത്തരവിൻ പ്രകാരം
ഹരജിഭാഗം അഡ്വക്കെറ്റ്
**അബിത എ എം** (ഒപ്പ്)

**SREEVILASINI SABHA NIDHI LIMITED**

CIN :U65929KL2021PLN069109
Regd. Address :NO. 38/289, N.S.S.V. Sabha Building, East Parambikulangara Temple Road, Kodungallur, Thrissur - 680669, Kerala
Email Id :sreevilasinisabha@gmail.com

**N O T I C E**

NOTICE is hereby given that the 3rd Annual General Meeting of the Members of M/s. **Sreevilasini Sabha Nidhi Limited** will be held on Monday, 30th September, 2024 at 2.00P.M at the Registered Office of the company to transact the following business:

* To consider and adopt the audited Balance Sheet, Statement of Profit and Loss account and Cashflow Statement of the company for the year ended 31st March 2024 and report of the Board of Directors' and Auditors' thereon.
* To appoint a director in place of Mr. Sudhakaran V K (DIN: 08707878), who retires by rotation and being eligible, offers himself for re-appointment.

**SPECIAL BUSINESS**

* Regularization of appointment of Mr. Kaloor Dileep Kumar (DIN : 09794965)

To consider and if thought fit, to pass, with or without modification, the zfollowing resolution as an ordinary resolution:

“**RESOLVED** that pursuant to the provisions of Section 152,161 and any other applicable provisions of the Companies Act, 2013 and any rulesmade thereunder, Mr. Kaloor Dileep Kumar who was appointed as an Additional Director of the Company by the Board of Directors in the Board Meeting to hold office up to the date of this Annual General Meeting be and is hereby elected and appointed as Director of the Company.”

**NOTES**

1. A member entitled to attend and vote at the meeting is entitled to appoint a proxy to attend and vote in his behalf and such proxy need not be a member of the company.
2. Annual Reports of the Company is available at the Registered Office.

For and on behalf of the Board of Directors of
SREEVILASINI SABHA NIDHI LIMITED

Place : Kodungallur
**Date :02-09-2024**

**SIVADASAN P**
(DIRECTOR)
(DIN: 08708014)

**SUDHAKARAN V K**
(DIRECTOR)
(DIN: 08707878)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4





ശ്രീ കൂടൽമാണിക്യം ക്ഷേത്രത്തിലെ ഇന്നത്തെ പൂക്കളം.

## സച്ചിയുടെ മരണത്തിന് ദുരൂഹതയുണ്ടെന്ന്

തൃശൂർ: ചലച്ചിത്ര സംവിധായകനും ദേശീയ അവാർഡ് നേതാവുമായ സച്ചിയുടെ (കെ.ആർ.സച്ചിദാനന്ദൻ) മരണം സംബന്ധിച്ച് അന്വേഷിക്കണമെന്നാവശ്യം ഉയർന്നു. ആക്ഷൻ കൗൺസിലിന്റേതാണ് ആവശ്യം. വടക്കാഞ്ചേരിയിലെ ഒരു സ്വകാര്യആശുപത്രികൾ ശസ്ത്രക്രിയ ചെയ്തതിനുശേഷമാണ് സംവിധായകന്റെ മരണം. 2020 ജൂൺ 18നായിരുന്നു സംഭവം. മുഖ്യമന്ത്രിക്കും പരാതി നൽകി.

## വാർത്താ ചുരുക്കം

* കേരളത്തിലെ ജലശുദ്ധീകരണ രംഗത്തെ സംരംഭകരുടെ സംഘടനയായ 'വാട്ടേഴ്സ് കേരള' സംഘടിപ്പിക്കുന്ന രണ്ടാമത് വാട്ടർ എക്സ്പോ സെപ്റ്റംബർ 27, 28 തിയ്യതികളിലായി കൊച്ചി ആശിഷ് കൺവെൻഷൻ സെന്ററിൽ നടക്കും. ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യുന്ന പരിപാടിയിൽ ഹൈബി ഈഡൻ എം.പി, തോമസ് കെ തോമസ് എം.എൽ.എ. എന്നിവർ മുഖ്യാതിഥികളായിരിക്കും.
* കേബിൾ ടി.വി. ഓപ്പറേറ്റേഴ്സ് അസോസിയേഷൻ സംഘടിപ്പിക്കുന്ന കേരളവിഷൻ സംരംഭക കൺവെൻഷൻ 5-ാം തിയ്യതി വിപുലമായി ലുലു ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടന്നു. കേരള വിഷൻ ടി.വി.അവാർഡ് നൈറ്റും മെഗാഷോയും ഉണ്ടായിരുന്നു.
* വയനാട് ദുരന്തത്തിൽ അനുശോചിച്ചും പുനരധിവാസ പ്രവർത്തനങ്ങളിൽ പങ്കാളികളായും ലളിതകലാ അക്കാദമി ഗ്യാലറിയിൽ 5 മുതൽ 8 വരെ വൈൽഡ് ലൈഫ് ഫോട്ടോഗ്രാഫി പ്രദർശനം നടന്നു. ഗ്രീൻ ഗ്രൂപ്പാണ് സംഘാടകർ. വനത്തിന്റെ ഉള്ളറകൾ അറിയാനുള്ള അവസരം കൂടിയാണിത്. അഖിലേന്ത്യാതലത്തിലും, ലോകത്തേയും മികച്ച വന്യജീവിതം ഉയർത്തുന്നവയാണ് ഫോട്ടോകൾ വിറ്റ് ലഭ്യമാകുന്ന പണം വയനാട് ദുരിതാശ്വാസനിധിയിലേക്ക് കൈമാറും.
* തൃശൂർ ഗവ.എഞ്ചിനീയറിംഗ് കോളേജും സി.ഡി.ബി.യും സംയുക്തമായി ടൗൺഹാളിൽ ഓണംമേള 5, 6, 7 തിയ്യതികളിൽ നടത്തി. മൈക്രോ, ചെറുകിട, ഇടത്തരം സംരംഭകർ പങ്കെടുത്തു. സംരംഭകർക്ക് കോളേജിൽ പരിശീലനം നൽകുന്നുണ്ട്. വിദ്യാർത്ഥി സംരംഭകരും രംഗത്തുണ്ട്.
* തൃശൂർ ഗവ. ലോ കോളേജിൽ ആൾ ഇന്ത്യ മൂട്ട് കോർട്ട് 6, 7, 8 തിയ്യതികളിൽ നടന്നു. അവസാന റൗണ്ട് മത്സരത്തിൽ 20 ടീമുകൾ പങ്കെടുത്തു. പ്രമുഖ ന്യായാധിപന്മാർ പങ്കെടുത്തു.
* നാടകാചാര്യൻ ഡോക്ടർ വയലാ വാസുദേവൻ പിള്ള ട്രസ്റ്റിന്റെ വയലാ സ്മൃതി സാഹിത്യ അക്കാദമി ഹാളിൽ നടന്നു. ഡോ. അഭിലാഷ് പിള്ളയ്ക്ക് വയലാ പുരസ്കാരം സമർപ്പിച്ചു. വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രേമലേഖനം നാടകം അവതരിപ്പിച്ചു.
* ഒല്ലൂർ പുത്തൂരിലെ ദക്ഷിണ (7), സുധി (29) എന്നിവരുടെ ചികിത്സാസഹായധനം സ്വരൂപിക്കലിന്റെ ഭാഗമായി ബസ് ഉടമകളും, തൊഴിലാളികളും കാരുണ്യ ബസ് യാത്ര ഒരുക്കി മാതൃകകാട്ടി. തൃശൂർ-ഒല്ലൂർ-പുത്തൂർ-ചേരുംകുഴി റൂട്ടിലെ ബസുകളിലായിരുന്നു കാരുണ്യയാത്ര.

# പോൾ- സബിത ദമ്പതികൾക്ക് ആശ്വസിക്കാം; സംരംഭം പുനരാരംഭിക്കാൻ വഴിയൊരുക്കി തദ്ദേശ അദാലത്ത്

ഇരിഞ്ഞാലക്കുട കടുപ്പശ്ശേരി വേളൂക്കര ഗ്രാമപഞ്ചായത്തിലെ കുന്നത്ത്പറമ്പിൽ കെ.എൽ പോൾ, സബിത ദമ്പതികളുടെ പരാതിക്ക് പരിഹാരമേകി തദ്ദേശ അദാലത്ത്. കുടുംബത്തിന്റെ ഏക വരുമാന മാർഗമായ ടിഷ്യൂ പേപ്പർ നിർമ്മാണ യൂണിറ്റ് 2018 ലെ വെള്ളപ്പൊക്കത്തിൽ മുങ്ങിപ്പോയിരുന്നു. യൂണിറ്റ് പുനരാരംഭിക്കാനുള്ള വഴി തേടിയാണ് തദ്ദേശ അദാലത്തിൽ എത്തിയത്.

പരാതി പരിഗണിച്ച മന്ത്രി എം.ബി. രാജേഷ് വ്യവസായ വകുപ്പിൽ നിന്നുള്ള സബ്സിഡിയും ഇൻഷുറൻസും ലഭ്യമാക്കുന്നതിനും യൂണിറ്റ് പുനരാരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പ് നൽകി.

മേലൂർ പഞ്ചായത്തിൽ നടത്തിവന്ന സ്ഥാപനം വേളൂക്കരയിൽ വീടിനോട് ചേർന്ന് പ്രവർത്തിക്കുന്നതിന് ഓണർഷിപ് ലഭിക്കുന്നതിൽ ഉണ്ടായ കാലതാമസമാണ് വായ്പ ലഭിക്കുന്നതിനും യൂണിറ്റ് പ്രവർത്തനമാരംഭിക്കുന്നതും വൈകാൻ ഇടയാക്കിയത്. ഇതിനിടെ പോൾ അസുഖബാധിതനുമായി.

2018ലെ പ്രളയത്തിൽ കിട്ടേണ്ട ഇൻഷുറൻസ് തുകയും ലഭിച്ചില്ല. ഇതിനെ തുടർന്ന് കുടുംബം വൻ സാമ്പത്തിക ബാധ്യതയിലായി.

അദാലത്തിൽ പരാതി പരിഗണിച്ചപ്പോൾ തന്നെ വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്, തദ്ദേശ സ്വയംഭരണം വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബശിവറാവു, വ്യവസായ വകുപ്പ് പ്രതിനിധികൾ എന്നിവരുമായി മന്ത്രി ചർച്ച നടത്തി. വ്യവസായ വകുപ്പിൽ നിന്നും ലഭിക്കാനുള്ള ഇൻവെസ്റ്റ്മെന്റ് സബ്സിഡി കാലതാമസം മാപ്പാക്കി കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കാമെന്ന് വ്യവസായ വകുപ്പ് മന്ത്രിയും സെക്രട്ടറിയും അറിയിച്ചതായി മന്ത്രി പറഞ്ഞു. യൂണിറ്റ് പുനരാരംഭിക്കുന്നതിന് ഈ സബ്സിഡി സഹായകരമാകും.

അതോടൊപ്പം നിലവിൽ യാതൊരു ചികിത്സ ആനുകൂല്യങ്ങളും ലഭിക്കാത്ത പോളിന് കാരുണ്യ ബെനവലന്റ് ഫണ്ട് ഗുണഭോക്താവായി ഉൾപ്പെടുത്തി ചികിത്സ നൽകുന്നതിനും തദ്ദേശ അദാലത്ത് വേദിയിൽ തീരുമാനമായി. വരുമാന സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള അപേക്ഷ ലഭിച്ചാൽ ഉടൻ ഗുണഭോക്താവായി ചേർക്കാമെന്നും അതുവഴി 2 ലക്ഷം രൂപ വരെയുള്ള ചികിത്സ സഹായം നൽകുമെന്നും ഉറപ്പുവരുത്തി.

അദാലത്തിൽ തീരുമാനിച്ച കാര്യങ്ങൾ നടപ്പാക്കുന്നത് നിരീക്ഷിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറെയും ഇൻഷുറൻസ് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ജില്ലാ കലക്ടറേയും ചുമതലപ്പെടുത്തി. ഏറെനാളായി നേരിടുന്ന പ്രശ്നത്തിന് പരിഹാരമായതിന്റെ ആശ്വാസത്തിലാണ് ദമ്പതികൾ മടങ്ങിയത്.

# കർഷകർക്ക് വിധി പ്രകാരം നഷ്ടം നൽകിയില്ല, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മാനേജർക്ക് വാറണ്ട്

തൃശൂർ: കർഷകർക്ക് വിധി പ്രകാരം നഷ്ടം നൽകാതിരുന്നതിനെത്തുടർന്ന് ഫയൽ ചെയ്ത ഹർജിയിൽ ബാങ്ക് മാനേജർക്ക് വാറണ്ട് അയക്കുവാൻ ഉത്തരവ്.തൃശൂർ മുപ്ലിയം സ്വദേശി പുതുക്കാടി വീട്ടിൽ പി.ആർ.ശിവനും സഹകർഷകരും ചേർന്ന് ഫയൽ ചെയ്ത ഹർജിയിലാണ് സൗത്ത് ചാലക്കുടിയിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മാനേജർക്കെതിരെ ഇപ്രകാരം ഉത്തരവായത്.

ഹർജിക്കാർ കൃഷിനാശം വന്നത് സംബന്ധമായി ഫയൽ ചെയ്ത ഹർജി പരിഗണിച്ച് കെ.എച്ച്.ഡി.പി.ഇത് സംബന്ധമായി നഷ്ടം കണക്കാക്കിയ തുകയും 2500 രൂപ വീതം നഷ്ടവും 3000 രൂപ ചിലവും ഒരു മാസത്തിനുള്ളിൽ നൽകുവാൻ ബാങ്കിനെതിരെ വിധിയുണ്ടായിരുന്നു.എന്നാൽ വിധി ബാങ്ക് പാലിക്കുകയുണ്ടായില്ല. ഒരു മാസം എന്നതു വിധി പാലിക്കുന്നതിനുള്ള മുഖ്യഘടകമായിരുന്നു. വിധിപ്രകാരം പ്രവർത്തിക്കാതിരുന്നതിന് എതിർകക്ഷിയെ ശിക്ഷിക്കുവാൻ ആവശ്യപ്പെട്ട് ഹർജി ഫയൽ ചെയ്യുകയായിരുന്നു. വിധി പാലിക്കാതിരുന്നതിന് മൂന്ന് വർഷം വരെ തടവിന് ശിക്ഷിക്കുവാൻ ഉപഭോക്തൃകോടതിക്ക് അധികാരമുള്ളതാകുന്നു.

ഹർജി പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്, ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃകോടതി എതിർകക്ഷിക്കെതിരെ പോലീസ് മുഖേന വാറണ്ട് അയക്കുവാൻ കല്പിച്ച് ഉത്തരവിടുകയായിരുന്നു. തുടർന്ന് വാറണ്ട് പിൻവലിക്കുന്നതിന് എതിർകക്ഷി സമർപ്പിച്ച അപേക്ഷയും തള്ളുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ. ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

## മുള്ളൂർക്കരയിൽ തീവണ്ടി കുടുങ്ങി

തൃശ്ശൂർ : മുള്ളൂർക്കര റെയിൽവേ സ്റ്റേഷനിൽ തീവണ്ടി കുടുങ്ങി, (എഞ്ചിൻ സ്റ്റാർട്ട് ആവാത്തതാവാം ) മണിക്കൂറുകളോളം ഗതാഗതം തടസപ്പെട്ടു. തൊട്ടടുത്ത റെയിൽവേ ഗേറ്റ് തുറന്നു കൊടുക്കാത്തതിനാൽ റോഡ് ഗതാഗതവും തടസ്സപ്പെട്ടു. മണിക്കൂറുകളോളം ഒട്ടേറെ തീവണ്ടികൾ പിടിച്ചിട്ടു. പുലർച്ചെ 5.30 യോടെയാണ് ഒരു ട്രെയിൻ മുള്ളൂർക്കരയിൽ കുടുങ്ങിയത്. ഇതോടെ സമീപ സ്റ്റേഷനുകളിലും വിവിധ ട്രെയിനുകൾ പിടിച്ചിട്ടതിനാൽ ഒരു റെയിൽവേ ഗേറ്റും തുറന്നില്ല

# എറോബിക് കമ്പോസ്റ്റ് യൂണിറ്റ് പദ്ധതി നടപ്പിലാക്കാന്നത് പതിനൊന്ന് ഓഫീസുകളിൽ



ഇരിങ്ങാലക്കുട : സർക്കാർ ഓഫീസുകളിൽ മാലിന്യ സംസ്കരണ പദ്ധതിയുമായി നഗരസഭ. സ്വച്ഛ് ഭാരത് മിഷന്റെ കീഴിൽ കേന്ദ്ര-സംസ്ഥാന- തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തതോടെയാണ് മാലിന്യ സംസ്കരണം വിഷയം നേരിടുന്ന സർക്കാർ ഓഫീസുകളിൽ തുമ്പൂർമുഴി മോഡലിൽ എറോബിക് കംബോസ്റ്റ് പദ്ധതി നടപ്പിലാക്കുന്നത്. ജൈവമാലിന്യങ്ങൾ അറുപത് ദിവസങ്ങൾ കൊണ്ട് വളമാക്കി മാറ്റുന്നതാണ് പദ്ധതി. ജൈവമാലിന്യങ്ങൾ സംസ്കരിക്കാൻ സർക്കാർ ഓഫീസുകളിൽ പദ്ധതികൾ ഇല്ലാതിരിക്കുകയും മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുകയും ചെയ്യുന്ന സാഹചര്യത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നഗരസഭ പരിധിയിലെ പതിനൊന്ന് സർക്കാർ ഓഫീസുകളിലാണ് പദ്ധതി നടപ്പാക്കുന്നത്. ഒരു യൂണിറ്റിന് രണ്ടേകാൽ ലക്ഷം രൂപയാണ് ചിലവ് വരുന്നത്. ഇരിങ്ങാലക്കുട മൃഗാശുപത്രി, സിവിൽ സ്റ്റേഷൻ, ആർഡിഒ ഓഫീസ്, പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ ഇതിനകം പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. സിവിൽ സ്റ്റേഷനിൽ നടന്ന ചടങ്ങിൽ നഗരസഭ ചെയർപേഴ്സൺ സുജ സഞ്ജീവ്കുമാർ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. തഹസിൽദാർ സിമീഷ് സാഹൂ, നഗരസഭ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ അംബിക പള്ളിപ്പുറത്ത്, ഫെനി എബിൻ, ജെയ്സൻ പാറേക്കാടൻ, അഡ്വ ജിഷ ജോബി, നഗരസഭ സെക്രട്ടറി എം എച്ച് ഷാജിക്ക്, മുനിസിപ്പൽ എഞ്ചിനീയർ ആർ സന്തോഷ്, ഹെൽത്ത് സൂപ്രവൈസർ കെ ജി അനിൽ തുടങ്ങിയവർ പങ്കെടുത്തു.

## ഓഫറുകളുമായി ആമസോൺ ഓണം സ്റ്റോർ

കൊച്ചി : ആമസോൺ ഇന്ത്യയുടെ ഓണം സ്റ്റോർ രാജ്യത്ത് എല്ലായിടത്തും ഉത്സവത്തിൻറെ ആനന്ദം വീട്ടുപടിക്കൽ എത്തിക്കുന്നു, വിളവെടുപ്പ് ആഘോഷങ്ങൾക്കായി ഉൽപ്പന്നങ്ങളുടെ വിപുലമായ സെലക്ഷനാണ് ലഭ്യമാക്കുന്നത്. പരമ്പരാഗത വസ്ത്രങ്ങൾ, പൂജാ സാമഗ്രികൾ മുതൽ ഇലക്ട്രോണിക്സ്, ഗൃഹോപകരണങ്ങൾ, ഹോം ഡെക്കർ എന്നിവയിലെ ഏറ്റവും പുതിയവവരെ, ഉപഭോക്താക്കൾക്ക് എല്ലാ കാറ്റഗറികളിലും ആകർഷകമായ ഓഫറുകൾ ലഭിക്കും, ഇത് അവരുടെ ഫെസ്റ്റീവ് ഷോപ്പിംഗിന് വലിയ മൂല്യം ഉറപ്പാക്കുകയും ചെയ്യുന്നു.

## അറവുശാലയും പ്ലാന്റും പൂട്ടണം

തൃശൂർ: കടുത്ത മലീകരണാവസ്ഥ തുടരുന്ന സാഹചര്യത്തിൽ തൃശൂർ കോർപ്പറേഷൻ വക കുരിയച്ചിറയിലെ അറവുശാലയും മാലിന്യസംസ്കരണ പ്ലാന്റും മറ്റും അടച്ചുപൂട്ടണമെന്ന് കുരിയച്ചിറ യുണൈറ്റഡ് ഡെവലപ്പ്മെന്റ് അസോസിയേഷനാണ് ആവശ്യം ഉന്നയിച്ചിട്ടുള്ളത്.

# മഞ്ഞ, പിങ്ക് റേഷൻ കാർഡ് അംഗങ്ങളുടെ മസ്റ്ററിങ് പുനരാരംഭിക്കുന്നു

തൃശൂർ:സാങ്കേതിക തകരാറിനെ തുടർന്ന് മാറ്റിവെച്ച മഞ്ഞ, പിങ്ക് റേഷൻ കാർഡ് അംഗങ്ങളുടെ മസ്റ്ററിങ് പുനരാരംഭിക്കുന്നു. ഈ മാസം 18 മുതൽ അടുത്തമാസം 8 വരെയാണ് മസ്റ്ററിങ് ചെയ്യാനുള്ള സമയപരിധി. മൂന്ന് ഘട്ടങ്ങളിലായാണ് മസ്റ്ററിങ് നടത്തുന്നത്. സെപ്റ്റംബർ 18 മുതൽ 24വരെ തിരുവനന്തപുരം ജില്ലയിലായായിരിക്കും ആദ്യം മസ്റ്ററിങ് നടക്കുക. സെപ്റ്റംബർ 25 മുതൽ ഒക്ടോബർ ഒന്ന് വരെ കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലും, ഒക്ടോബർ 3മുതൽ 8വരെ പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, മലപ്പുറം, കാസർകോട് എന്നീ ജില്ലകളിലുമായിട്ടാണ് മസ്റ്ററിങ് നടക്കുക.

## സീറ്റൊഴിവ്

തൃശൂർ: എറിയാട് ഗവ. ഐ.ടി.ഐയിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ ആൻഡ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് ട്രേഡിൽ പട്ടികജാതി വിഭാഗത്തിൽ ഒരു ഒഴിവുണ്ട്. സെ. 11ന് വൈകിട്ട് 3നകം അസൽ സർട്ടിഫിക്കറ്റുകളും ആധാർ കാർഡുകളുമായി ഓഫീസിൽ ഹാജരായി അപേക്ഷ നൽകണം. ഉയർന്ന പ്രായപരിധി ഇല്ല. ഫോൺ: 0480 2804320.

# ചെറുതേനീച്ച വളർത്തൽ പരിശീലനം സംഘടിപ്പിച്ചു



ഇരിഞ്ഞാലക്കുട: സെൻറ് ജോസഫ്സ് ( ഓട്ടോണമസ്) കോളേജിലെ ജന്തു ശാസ്ത്ര വിഭാഗം 'ചെറുതേനീച്ച വളർത്തൽ പരിശീലനം 'എന്ന സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം സെന്റ് ജോസഫ്സിലെ പത്മഭൂഷൺ ഫാ. ഗബ്രിയേൽ സെമിനാർ ഹാളിൽ വച്ചു സംഘടിപ്പിച്ചു. പ്രൊഫ. (റിട്ട.) ഡോ. സാജൻ ജോസ് കെ (ഡയറക്ടർ, റീഗൽ ബീ ഗാർഡൻസ് തേനീച്ച വളർത്തൽ പരിശീലന കേന്ദ്രം, കാഞ്ഞാർ, ഇടുക്കി) ഉദ്ഘാടന പ്രസംഗം നടത്തുകയും വിവിധ തരം തേനീച്ചകളെ കുറിച്ചും, തേൻ ശേഖരിക്കുന്നതിനെ കുറിച്ചും ക്ലാസുകൾ എടുത്തു .സുവോളജി വിഭാഗം മേധാവി ഡോ. വിദ്യ ജി സ്വാഗതം ആശംസിച്ച ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ. ബ്ലെസി അധ്യക്ഷത വഹിച്ചു. ചടങ്ങിൽ വിദ്യാർത്ഥികളും, കർഷകരും, പൊതുമേഖലയിൽ ഉള്ളവരും പങ്കെടുക്കുകയും ചെറുതേനീച്ച വളർത്തലിനെ കുറിച്ചും കാർഷിക മേഖലയിലെ സാധ്യതകളെ കുറിച്ചും അവബോധം നേടുകയും ചെയ്തു.

## കോടതി പരസ്യം

### ബഹു. വടക്കാഞ്ചേരി മുൻസിഫ് കോടതി മുമ്പാകെ

OS: 2419/2013
EP: 406/2022

The New Trichur Company Private Ltd,

-വിധി ഉടമ

തലപ്പിള്ളി താലൂക്ക് പങ്ങാരപ്പിള്ളി വില്ലേജ് ദേശത്ത് നാലകത്ത് കുഞ്ഞുമുഹമ്മദ് മകൻ അബ്ദുൾ റസാഖ്

-1-ാം വിധി കടക്കാരൻ

പരസ്യം

മേൽനമ്പ്രിൽ 1-ാം വിധികടക്കാരൻ പേരിൽ നോട്ടീസ് പതിച്ച് നടത്താൻ ഉത്തരവായി മേൽനമ്പർ കേസ് **25-09-2024** തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്നതാണെന്ന വിവരം സകലമാനപേരെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ടി തിയ്യതിക്കോ അതിനു മുമ്പോ ടി വിധി കടക്കാരനോ അധികാരപ്പെടുത്തിയ പ്ലീഡർ മുഖാന്തിരമോ ഹാജരായിരിക്കുകയും വേണം. ടി തിയ്യതിക്ക് വിധി കടക്കാരൻ ഹാജരാകാതിരുന്നാൽ ടി വിധി കടക്കാരനെ കൂടാതെ വാദസംഗതികൾ നിശ്ചയപ്പെടുത്തുന്നതും വിധി നടത്തുഹരജി വിചാരണ ചെയ്ത് വിധി നടത്ത് തീർച്ചയാക്കുന്നതുമാണ്.

എന്ന്, 22-04-2024

വിധി ഉടമഭാഗം അഡ്വക്കേറ്റ്
**എ ഐ തോമസ്** (ഒപ്പ്)

## കോടതി പരസ്യം

### ബഹു. വടക്കാഞ്ചേരി മുൻസിഫ് കോടതി മുമ്പാകെ

A No: 459/2018
EP: 174/2022

ന്യൂ ഹിൽവാലി കുറീസ്, ട്രിച്ചൂർ പ്രൈവറ്റ് ലിമിറ്റഡ്

-വിധി ഉടമ

തലപ്പിള്ളി താലൂക്ക് ചെറുതുരുത്തി വില്ലേജ് ദേശത്ത് മേച്ചേരികുന്നത്ത് സെയ്തു ഹാജി മകൻ ഷൗക്കത്തലി

-3-ാം വിധി കടക്കാരൻ

പരസ്യം

മേൽനമ്പ്രിൽ 3-ാം വിധികടക്കാരൻ പേരിൽ നോട്ടീസ് പതിച്ച് നടത്താൻ ഉത്തരവായി മേൽനമ്പർ കേസ് **25-09-2024** തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്നതാണെന്ന വിവരം സകലമാനപേരെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ടി തിയ്യതിക്കോ അതിനു മുമ്പോ ടി വിധി കടക്കാരനോ അധികാരപ്പെടുത്തിയ പ്ലീഡർ മുഖാന്തിരമോ ഹാജരായിരിക്കുകയും വേണം. ടി തിയ്യതിക്ക് വിധി കടക്കാരൻ ഹാജരാകാതിരുന്നാൽ ടി വിധി കടക്കാരനെ കൂടാതെ വാദസംഗതികൾ നിശ്ചയപ്പെടുത്തുന്നതും വിധി നടത്തുഹരജി വിചാരണ ചെയ്ത് വിധി നടത്ത് തീർച്ചയാക്കുന്നതുമാണ്.

എന്ന്, 12-03-2024

വിധി ഉടമഭാഗം അഡ്വക്കേറ്റ്
**എ ഐ തോമസ്** (ഒപ്പ്)

## കോടതി പരസ്യം

### ബഹുമാനപ്പെട്ട ഇരിങ്ങാലക്കുട പ്രിൻസിപ്പൽ മുൻസിഫ് കോടതി മുമ്പാകെ

OS: 1173/2018, RP: 116/2022

വാദി: മുകുന്ദപുരം താലൂക്ക്, ആമ്പല്ലൂർ വില്ലേജ്, മണ്ണംപേട്ട ദേശത്ത്, നൊച്ചിയിൽ ചേന്നൻകുട്ടി മകൻ രാജൻ

-ഹരജിക്കാരൻ

1) Renju Sebastian, S/o. Sebastian, Poovathukkaran House, Thrikkur Village, P.O. Thalore, Mukundapuram Taluk
2) BabuRaj, S/o. Kochukuttan, Vazhappilly House, Ayyanthole Village, Kottapuram Desom, P. O. Poothole, Thrissur Taluk
3) Rosily, W/o. Oppan @ Lonappan, Chazhookkaran House, Amballur Village, Mannampetta Desom, Varakkara P.O., Mukundapuram Taluk
4) Seby Puthur, Vicar, Mary Immaculate Church, Amballur Village, Mannampetta Desom, Varakkara P. O. Mukundapuram Taluk,
5) Varky @ Varghese, S/o. Porinchu, Thambiyil House, Amballur Village, Mannampetta Desom, Varakkara P.O. Mukundapuram Taluk
6) Govindan, Kuzhuppilly House, Amballur Village, Mannampetta Desom, Varakkara P.O., Mukundapuram Taluk
7) Johnson, S/o. Porinchu Kuriappanm ,Thambiyil House, Mupliyam Village, Uppuzhy, Injakund P.O., Mukundapuram Taluk
8) John, S/o. Kochappan, Kuruveettil House, Amballur Village, Mannampetta Desom, Mukundapuram Taluk
9) Rappi, S/o. Kuriappan & Mariyamkutty, Chanedan House, Amballur Village, Mannampetta Desom, Mukundapuram Taluk
10) Kanakavally, W/o. Gangadharan Nochiyil House, Chengalloor Village, Desom, Mukundapuram Taluk
11) Feena, W/o. Titto Tharakan Ainikkal House, Amballur Village, Mannampetta Desom, Mukundapuram Taluk
12) Joya T. Shaju, S/o. Late Shaju, Thambilyi House, Amballur Village, Mannampetta Desom, Mukundapuram Taluk
13) Thankamani, W/o. Kumaran C.K. Cheerath House, Amballur Village, Mannampetta Desom, Mukundapuram Taluk
14) Bindu, S/o. Anandan, Chullikkattil House, Pookkode, Vattanathara P.O.

-5, 6, 10, 17, 20, 22, 27, 29, 34, 37, 40, 43, 44, 45 എതൃകക്ഷികൾ

മേൽ നമ്പറിൽ R.P. 116/2022-ാം നമ്പർ ഹരജിയിൽ 5, 6, 10, 17, 20, 22, 27, 29, 34, 37, 40, 43, 44, 45 എതൃകക്ഷികൾള്ള നോട്ടീസ് പതിച്ചുനടത്തുവാൻ കല്പിച്ച് ടി ഹരജിയുടെ വിചാരണ **09-10-2024** തിയ്യതിക്ക് വെച്ചിരിക്കുന്നുവെന്നും തർക്കമുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് നിയമാനുസരണം കോർട്ടിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 23-04-2024

ഉത്തരവിൻ പ്രകാരം ഹരജിഭാഗം അഡ്വക്കേറ്റ്
**വി ജി സുഭാഷ് ചന്ദ്രബാബു** (ഒപ്പ്)


